(സി) ഏറ്റവും കൂടുതൽ വിദേശ മലയാളികളുള്ള മലപ്പുറം ജില്ലയിൽ ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് വാക്സിനേഷൻ നൽകുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

&

(ഡി) ഈ വിഭാഗത്തിൽപ്പെടുന്നവരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കൂടുതൽ വാക്സിനേഷൻ സെന്റർ ആരംഭിക്കുന്നതിനും കൂടുതൽ വാക്സിൻ ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ 115 ആരോഗ്യ സ്ഥാപനങ്ങളിലെയും വാക്സിനേഷൻ കേന്ദ്രങ്ങളിൽ പ്രവാസികൾക്കും കോവിഡ് വാക്സിൻ ലഭ്യമാക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിലെ വാക്സിൻ ലഭ്യതയനുസരിച്ച് വാക്സിനേഷൻ സെന്ററുകളിൽ വാക്സിൻ നൽകിവരുന്നു. ആവശ്യകതയനുസരിച്ച് ജില്ലകളിൽ പുതിയതായി വാക്സിനേഷൻ സെന്ററുകൾ ആരംഭിക്കാൻ ജില്ലാ ടാസ്ക് ഫോഴ്സിന് അധികാരമുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

16 (*16) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ നീതിപൂർവ്വമായ നിർവ്വഹണത്തിലൂടെ കഴിഞ്ഞ സർക്കാർ നടത്തിയ മാതൃകാപരവും പ്രശംസനീയവുമായ പ്രവർത്തനങ്ങൾ പിൻതുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നതുമുതൽ ധനസഹായം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായി ഓൺലൈനായാണ് കൈകാര്യം ചെയ്യുന്നത്. അപേക്ഷ നേരിട്ടോ ഓൺലൈനായോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ ജനപ്രതിനിധികളുടെ ഓഫീസ് മുഖേനയോ തപാൽ മാർഗ്ഗത്തിലോ സമർപ്പിക്കാവുന്നതാണ്. താഴെപ്പറയുന്ന പ്രത്യേകതകൾകൂടി ഈ സംവിധാനത്തിനുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1. അപേക്ഷയുടെ ഓരോ നീക്കവും അപേക്ഷകനെ അറിയിച്ചുകൊണ്ടുള്ള SMS സംവിധാനം.

2. അപേക്ഷകന് ലഭ്യമായ Docket No. (File No.) ഉപയോഗിച്ച് ഏത് സമയത്തും cmo.kerala.gov.in എന്ന website വഴി അപേക്ഷയുടെ സ്ഥിതി അറിയാനുള്ള സംവിധാനം.

3. അപേക്ഷ സമർപ്പണത്തിനായി മുഖ്യമന്ത്രിയുടെ ഓഫീസ്, റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസ്, MLA/MP, അക്ഷയ കേന്ദ്രങ്ങൾ എന്നിവർക്കായി പ്രത്യേക ലോഗിൻ സംവിധാനം.

4. പൊതുജനങ്ങൾക്ക് സ്വന്തമായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാനായി പബ്ലിക് ലോഗിൻ സംവിധാനം.

5. അപേക്ഷകളുടെ pendency നിരീക്ഷിക്കാനായി താലൂക്ക്, കളക്ടറേറ്റ്, റവന്യൂ വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസ്, മുഖ്യമന്ത്രിയുടെ ഓഫീസ് എന്നിവിടങ്ങളിൽ dashboard സംവിധാനം.

6. അപേക്ഷയിൽ ഏതെങ്കിലും രേഖകളുടെ കുറവുണ്ടായാൽ അപേക്ഷകനെ ആ വിവരം അറിയിക്കുന്നതിനായി വില്ലേജ് തലത്തിൽ SMS സംവിധാനം.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ 2011-2016 കാലത്തെയും 2016-2021 കാലത്തെയും വിനിയോഗം സംബന്ധിച്ച് താരതമ്യപഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2011-16 കാലയളവിൽ ചികിൽസാ സഹായമായി 808,78,08,191 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. 2016-2021 കാലയളവിൽ ചികിത്സാ സഹായമുൾപ്പെടെ (ഓഖി, പ്രളയം, കോവിഡ്-19 തുടങ്ങിയ ദുരന്തങ്ങൾക്ക് നൽകിയ സഹായമുൾപ്പെടെ) 5712,43,36,006 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്. 2016-ൽ മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരിതാശ്വാസനിധിയിൽനിന്ന് ജില്ലാ കളക്ടർക്ക് അനുവദിക്കാമായിരുന്ന തുക 2,000 രൂപയിൽനിന്ന് 10,000 രൂപയായും റവന്യൂ വകുപ്പ് മന്ത്രിക്ക് 5,000 രൂപവരെ എന്നത് 25,000 രൂപയായും മുഖ്യമന്ത്രിക്ക് അനുവദിക്കാമായിരുന്ന 1,00,000 രൂപ എന്നത് 3,00,000 രൂപയായും ഉയർത്തിയിട്ടുണ്ട്. ഇതിനു പുറമേ റവന്യൂ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിക്ക് 15,000 രൂപ അനുവദിക്കാനും അനുമതി നൽകിയിട്ടുണ്ട്. ധനസഹായ അർഹതയുള്ള കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

2 ലക്ഷം രൂപയായി ഉയർത്തി. HIV രോഗബാധിതരുടെ ചികിൽസാ ചെലവ് പരിഗണിച്ച് ഓരോ 6 മാസം കൂടുമ്പോഴും 6,000 രൂപ വീതം അനുവദിച്ച് നൽകുന്നതിന് ജില്ലാകളക്ടർമാർക്ക് അധികാരം നൽകി. തീപിടുത്തത്തിൽ വീടിന് കാര്യമായി നാശനഷ്ടം സംഭവിക്കുന്ന കേസുകളിൽ പരമാവധി ഒരു ലക്ഷം രൂപയും പൂർണ്ണമായി കത്തിനശിക്കുന്ന കേസുകളിൽ പരമാവധി 4 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. കടൽക്ഷോഭത്തിൽ വള്ളം, ബോട്ട് എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 2 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി ഒരു ലക്ഷം രൂപയും വല, കട്ടമരം എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി ഒരു ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് 20,000 രൂപയും നൽകിവരുന്നുണ്ട്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

തികച്ചും കാര്യക്ഷമമായ ഈ സംവിധാനം കൂടുതൽ മെച്ചപ്പെടുത്താനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഡോക്ടർമാർക്കായി മൊബൈൽ ആപ്പ് ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾ ലക്ഷ്യമിടുന്നു.

കുഴൽപ്പണക്കവർച്ച കേസ്

17 (*17) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. പി. സുമോദ്:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നത് ലക്ഷ്യമിട്ട് കുഴൽപ്പണം കടത്തിയ കേസിൽ ബി.ജെ.പി.-യുടെ ഉന്നത നേതാക്കളുടെ പങ്ക് കൂടുതൽ വെളിപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നതിനും തീവ്ര വർഗ്ഗീയ പ്രവർത്തനങ്ങൾക്കുമായി എത്തിച്ച കുഴൽപ്പണം കവർന്ന പ്രസ്തുത കേസ് സംബന്ധിച്ച് എന്തെല്ലാം അന്വേഷണമാണ് ഇപ്പോൾ നടക്കുന്നതെന്ന് അറിയിക്കുമോ?